## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2291      19.06.2013-ൽ മറുപടിയ്ക്ക്

### വിവിധ തരം പനികളുടെ വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ വർഷത്തെക്കാൾ വിവധ തരം 'പനി' കേരളത്തിൽ വർദ്ധിച്ചതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഈ വർഷാദ്യം ജലദൗർലഭ്യം കൂടുതലായി അനുഭവപ്പെട്ടതിനാൽ കൂടുതൽ പ്രദേശങ്ങളിൽ ജലം സംഭരിച്ച് സൂക്ഷിച്ചത് ഈഡിസ് കൊതുക് വർദ്ധിക്കാൻ കാരണമായി. ആഗോള താപനില വർദ്ധനവും ഒരു കാരണമാണ്. വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും അപൂർണ്ണമായ മാലിന്യ നിർമ്മാർജ്ജനവും മറ്റൊരു പ്രധാന കാരണമാണ്. ഈ വർഷം ഐ.ഡി.എസ്.പി വഴിയുള്ള രോഗനിരീക്ഷണം കൂടുതൽ കാര്യക്ഷമമാക്കിയതിനാൽ പനിബാധിതരുടെ എണ്ണം കൂടുതലായി റിപ്പോർട്ട് ചെയ്തു |
| (ബി)ഇത്തരം സാഹചര്യങ്ങൾ ഉണ്ടെന്നും ആയതുകൊണ്ടുതന്നെ പനി ഭയാനകമായ തോതിൽ പടർന്നു പിടിയ്ക്കുമെന്നും അനേകം പേർക്ക് ജീവഹാനി സംഭവിയ്ക്കുമെന്നും മുൻകൂട്ടിക്കണ്ട് പ്രവർത്തനം നടത്തുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണ് വീഴ്ച പറ്റിയത് എന്നുള്ള വിവരം വിശദമാക്കുമോ; | (ബി) & (സി) പനി വർദ്ധിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ വളരെ മുൻകൂട്ടി എല്ലാ പ്രദേശത്തും നടത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ വീഴ്ച പറ്റിയിട്ടില്ല. അവലോകന യോഗങ്ങളിൽ പ്രവർത്തനങ്ങൾ വിലയിരുത്തി കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികളെടുക്കുന്നുണ്ട്. |
| (സി)അപ്രകാരം വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ